**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **11-02-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന കിഫ്ബി കുടിവെള്ള പദ്ധതിയുടെയും അമൃത് കുടിവെള്ള പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയ്ക്കായി അമൃതിൽ ഉൾപ്പെടുത്തി 1669.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കരാറുകാരൻ 90mmപി.വി.സി. 4000മീറ്ററും 75mm പി.വി.സി 4200 മീറ്ററും വിതരണം ചെയ്ത് യഥാക്രമം 607മീറ്ററും, 365മീറ്ററും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 62എംഎം ജിഐ 242 മീറ്ററും, 85എംഎം ജിഐ 192മീറ്ററും സ്ഥാപിക്കുകയും ഗാർഹിക കണക്ഷൻ 1600എണ്ണവും നൽകിയിട്ടുണ്ട്.<br><br>കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 78.50 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 108.698 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൻ പ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയ്ക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്ത് 6 പാക്കേജുകളായിട്ടാണ് നടപ്പിലാക്കി വരുന്നു.<br><br>**പാക്കേജ് – 1** – 19 ദശ ലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, മറ്റു അനുബന്ധ പ്രവൃത്തികൾ എന്നിവ 99% പൂർത്തീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണ ശാലയിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.06 കോടി രൂപ കെ.എസ്.ഇ.ബി. യിലേക്ക് അടവാക്കിയിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരി ക്കേണ്ടതുണ്ട്.<br><br>**പാക്കേജ് – 2** – ചമ്മലപ്പറമ്പിൽ 6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, |

| | | | |
|---|---|---|---|
| | | | മേലങ്ങാടിയിൽ 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ഗ്രാവിറ്റി മെയിൽ, 35.13 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയുടെ പ്രവൃത്തി – 99% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**പാക്കേജ് – 2 എ** – കുമ്പളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി – 99% പൂർത്തീകരിച്ചു.<br><br>**പാക്കേജ് – 3 എ -** 300 എംഎം ഡിഐ മുതൽ 90 എംഎം പിവിസി വരെയുള്ള വിവിധ തരം പൈപ്പുകൾ ഉപയോഗിച്ച് സോൺ 1, സോൺ 2, സോൺ 3 എന്നീ ഭാഗങ്ങളിൽ 128.63 കിലോ മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി – ഇതിൽ എൻ എച്ച് 966 –ൽ പൈപ്പുകൾ സ്ഥാപിക്കേണ്ട പ്രവൃത്തികൾ ഒഴികെ മറ്റു പ്രവൃത്തികൾ 100% പൂർത്തീകരിച്ചു.<br><br>**പാക്കേജ് – 3 ബി -** കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളുൾപ്പെടുന്ന കുമ്പളപ്പാറ, മൂച്ചിക്കുണ്ട്, ചെരുപ്പടി (സോൺ 5എ, സോൺ 5 ബി, സോൺ 6, സോൺ 7) എന്നീ പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖലയും, ബൂസ്റ്റർ സ്റ്റേഷനും സ്ഥാപിക്കുന്ന പ്രവൃത്തി – ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19.03.2024 ന് പ്രവൃത്തി ഉത്തരവ് നൽകി പ്രവൃത്തി നടപ്പിലാക്കി വരുന്നു.<br><br>**പാക്കേജ് – 3 എ (ബാലൻസ് വർക്ക്)** – പാക്കേജ് 3 എ പ്രവൃത്തിയിൽ അവശേഷിക്കുന്ന എൻ എച്ച് 966 ലൂടെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ എച്ച്. ഡി.ഡി. മെത്തേഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി – ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 06.06.2024 ന് പ്രവൃത്തി ഉത്തരവ് നൽകി, പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ പൈപ്പ് ഇടുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | കൊണ്ടോടി മുനിസിപ്പാലിറ്റിയിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി കോഴിക്കോട്- പാലക്കാട് ദേശീയപാതയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി 30.01.2025 ന് ലഭ്യമായിട്ടുണ്ട്. കരാറുകാരൻ പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 3 മാസക്കാലയളവാണ് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി സങ്കേതങ്ങളിലൊന്നായ നെടിയിരുപ്പ് എൻ.എച്ച്. പട്ടികജാതി സങ്കേതങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കേരളത്തിലെ ഏറ്റവും വലിയ പട്ടിക ജാതി സങ്കേതങ്ങളിലൊന്നായ നെടിയരുപ്പ് എൻ എച്ച് പട്ടികജാതി സങ്കേതങ്ങൾ എന്നിവ ഉൾപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പ്രത്യേകം പാക്കേജ് 3 ബി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19.03.2024–ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ഷാംജി നഗർ, ചെരുപ്പടി, അമ്പലപ്പടി, മൂച്ചികുണ്ട് എന്നിവിടങ്ങളിൽ ബൂസ്റ്റർ സ്റ്റേഷനുകളും, ഉന്നതതല ജല സംഭരണികളും നിർമ്മിച്ച് ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതാണ്. ഈ ഭാഗങ്ങളിൽ വെള്ളം എത്തിക്കുന്നതിനായി നെടിയിരുപ്പ് ഭാഗത്ത് എൻ എച്ച് 966 ക്രോസ്സിംഗ് നടത്തേണ്ടതുണ്ട്. ആയതിനുള്ള പ്രവൃത്തി പാക്കേജ് 3 എ ബാലൻസ് പ്രവൃത്തിയായി ക്രമീകരിച്ച് കരാറുകാരന് 06.06.2024 – ന് പ്രവൃത്തി ഉത്തരവ് നൽകി പ്രവൃത്തി നടന്നുവരുന്നു. |
| (ഡി) | ഇതിനായി അമൃത് പദ്ധതിയിൽ അഡീഷണൽ തുകയ്ക്ക് വേണ്ടി മുനിസിപ്പാലിറ്റി നൽകിയ അപേക്ഷയിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | അമൃത് കൊണ്ടോട്ടി മുനിസിപ്പാലിറ്റി- അഡീഷണൽ പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ